

# GLPS Kuttiamchal

# Academic Master Plan

# 2025-26

# ഉള്ളടക്കം


1. ആമുഖം
2. പൂർവകാലം
3. തിരിഞ്ഞുനോട്ടം
4. അടിസ്ഥാന വിവരങ്ങൾ
5. ലക്ഷ്യങ്ങൾ
6. പ്രതീക്ഷിത നേട്ടങ്ങൾ
7. ഉപസംഹാരം

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തന ഫലമായി കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ അന്താരാഷ്ട്ര ഗുണനിലവാരമുള്ള പഠന പ്രവർത്തനങ്ങളിലൂടെ മികവാർന്ന വിദ്യാഭ്യാസം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. അറിവിന്റെ കൊടുക്കൽ വാങ്ങലുകൾക്ക് കൂടുതൽ സാധ്യത ഒരുക്കുന്ന അക്കാദമിക സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ. മണ്ണിനോട് മല്ലിടുന്ന കൂലിവേലക്കാർക്കും കടലിനോട് പൊരുതുന്ന കടലിന്റെ മക്കൾക്കും ഒരു കാലത്ത് അപ്രാപ്യമായിരുന്ന വിദ്യയെ അവർക്കിടയിൽ സാർവത്രികം ആക്കുന്നതിൽ ഈ മാതൃസ്ഥാനം വലിയൊരു മുന്നേറ്റമാണ് നടത്തിയത്. പൊതു വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ പൊതുവിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നു. നിശ്ചിത വർഷത്തിനകം മുഴുവൻ വിദ്യാർത്ഥികളെയും എല്ലാ വിഷയത്തിലും മുൻനിരക്കാരായി മാറ്റുകയാണ് അക്കാദമിക് മാസ്റ്റർപ്ലാനിന്റെ ലക്ഷ്യം.

വിദ്യാഭ്യാസ ആസൂത്രണം അക്കാദമിക വിദഗ്ധർ മാത്രം കൈകാര്യം ചെയ്തിരുന്ന സ്ഥിതി മാറി സാധാരണ മനുഷ്യർക്ക് തങ്ങളുടെ കുട്ടികൾ

ആർജ്ജിക്കേണ്ടത് ഏത് തരം വിദ്യാഭ്യാസം എന്ന് നിശ്ചയിക്കാനും നിർണയിക്കാനും ഉള്ള അവസരം നൽകിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. മാസ്റ്റർ പ്ലാനിനു വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സ്കൂളിന്റെ നിലവിലെ സാഹചര്യങ്ങൾ, ലോകത്താകമാനം വന്ന മാറ്റങ്ങൾ, കോവിഡാനന്തര പഠനബോധന രീതികളിൽ വന്ന മാറ്റങ്ങൾ തുടങ്ങിയവയൊക്കെ പരിഗണിച്ചു കൊണ്ടും വിദ്യാഭ്യാസ വകുപ്പ്, SSK, MP, MLA, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ വിദ്യാഭ്യാസ പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തുകയും അവയോട് ചേർന്നുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യുന്നു.

കേരളത്തിലെ ഓരോ വിദ്യാർത്ഥികൾക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായ രീതിയിൽ ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠന അന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാവുന്നു എന്ന് ഉറപ്പുവരുത്തുകയാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ദർശനം

അക്കാദമിക മാസ്റ്റർ പ്ലാൻ

GLPS. കുറ്റിയാംചാൽ.

# പൂർവ്വകാലം

1933 ലെ സ്റ്റാഥാം കമ്മറ്റി റിപ്പോർട്ടിന്റെ ഫലമായി കേരളത്തിലെ വിദ്യാഭ്യാസ രീതിയിൽ വിപുലമായ മാറ്റങ്ങൾ ഉണ്ടായി. ക്ലാസ്സുകളുടെ പേരുകൾ, പഠന മാധ്യമം, സിലബസ് എന്നിവയിലെല്ലാം മാറ്റം സംഭവിച്ചു. ഇംഗ്ലീഷിനൊപ്പം മാതൃഭാഷയിലും പഠനം ആരംഭിച്ചു. 1944-45 വർഷം മുതൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യവും സാർവത്രികവും ആക്കി തിരുവിതാംകൂർ സർക്കാർ ഉത്തരവിറക്കി. അന്നു മുതൽ എറണാകുളം ജില്ലയുടെ വടക്ക് കിഴക്കൻ മലയോര ഗ്രാമമായ കുട്ടമ്പുഴ പഞ്ചായത്ത് (542.07 ചതുരശ്ര കിലോമീറ്റർ വിസ്തീർണം ഉണ്ട്) 1969 സെപ്റ്റംബർ 20 ന് നിലവിൽ വന്നു. പതിനഞ്ചാം നൂറ്റാണ്ടിൽ പൂഞ്ഞാർ രാജവംശത്തിന്റെ കീഴിൽ ഉണ്ടായിരുന്ന പ്രദേശം പിന്നീട് കോട്ടയം ജില്ലയുടെ ഭാഗമായി. ഔഷധ സമൃദ്ധമായ നിബിഡ വനത്തിലൂടെ ഒഴുകി വരുന്ന പെരിയാർ ആനക്കയത്ത് വെച്ച് ഇടമലയാർ പുഴയും കുട്ടമ്പുഴയിൽ വച്ച് പിണവൂർകുടി പുഴയുമായി സംഗമിക്കുന്നു. മൂന്നു പുഴയുടെ സംഗമം ലോപിച്ച് കുട്ടുപുഴ എന്ന പേരു വന്നു. പിന്നീട് കുട്ടമ്പുഴ എന്ന് ആയിത്തീർന്നു. പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ

കുറ്റിയാംചാലിൽ 1966 ൽ സ്ഥാപിതമായ ഗവൺമെൻറ് എൽ.പി. സ്കൂളിന് 2 ഷെഡ്ഡുകളിലായി ധാരാളം കുട്ടികൾ പഠിച്ചിരുന്നു എന്ന ഒരു പഴയ കാലഘട്ടം ഈ വിദ്യാലയത്തിന് ഉണ്ടായിരുന്നു. ആംഗലേയ വിദ്യാഭ്യാസത്തിന്റെ അതിപ്രസരവും സ്വകാര്യ വിദ്യാലയങ്ങൾ ലാഭക്കൊതിയോടെ മുളച്ചു വന്നതും എല്ലാ പൊതുവിദ്യാലയങ്ങളിലും എന്നതു പോലെ നമ്മുടെ വിദ്യാലയത്തിലും കുട്ടികൾ കുറഞ്ഞുവന്ന് ഒന്നാം ക്ലാസിൽ ഒരു കുട്ടി എന്ന നിലയിൽ എത്തി മാധ്യമങ്ങൾ അത് ആഘോഷമാക്കിയതും നാം കണ്ടതാണ്. 2014-15 വർഷം 20 കുട്ടികളിൽ എത്തിയ ഈ വിദ്യാലയത്തിന് പി.ടി.എ, പൂർവ്വവിദ്യാർത്ഥികൾ, അധ്യാപകർ എന്നിവരുടെ ആത്മാർത്ഥമായ പ്രവർത്തനത്തിലൂടെ ഒരു വലിയ മാറ്റം ഉണ്ടാക്കാൻ സാധിച്ചു. കുട്ടികൾക്ക് ആവശ്യമായ സ്ഥലപരിമിതി എന്ന വെല്ലുവിളിക്ക് ഒരാശ്വാസമായി എം.എൽ.എ വഴി പുതിയ കെട്ടിടത്തിനുള്ള സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

# തിരിഞ്ഞുനോട്ടം

വർഷങ്ങൾക്കു മുൻപ് നിറയെ കുട്ടികളും കൂടുതൽ ഡിവിഷനുകളുമായി നിലകൊണ്ട വിദ്യാലയം കുട്ടികൾ കുറഞ്ഞ് ഏതാണ്ട് അടച്ചുപൂട്ടൽ നേരിടുന്ന അവസ്ഥയിൽ എത്തിയിരുന്നു. ഇതിൽനിന്നും മുന്നേറ്റം നടത്താൻ അക്ഷീണപ്രയത്നം നടത്തേണ്ടിവന്നു. പി.ടി.എ, എസ് എം സി, പൂർവവിദ്യാർത്ഥികൾ, സന്നദ്ധസംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നല്ലവരായ നാട്ടുകാർ എന്നിങ്ങനെ എല്ലാവരുടെയും സഹകരണം കൊണ്ട് വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തി കുട്ടികളെ സ്കൂളിലെത്തിക്കാൻ സാധിച്ചു. 2025-26 അധ്യയന വർഷം 1 മുതൽ 4 വരെ ക്ലാസുകളിലായി 95 കുട്ടികളും പ്രീപ്രൈമറിയിൽ 31 കുട്ടികളും പഠിച്ചുവരുന്നു. എല്ലാ ക്ലാസിലും ഇംഗ്ലീഷ്, മലയാളം മീഡിയം ഡിവിഷനുകൾ പ്രവർത്തിച്ചുവരുന്നു. ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്.

# പദ്ധതി വിശദീകരണം

മേഖല :- മലയാളം

ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം. ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദനിർമ്മാണം<br>4. വാക്യനിർമ്മാണം<br>5. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് [മലയാളത്തിളക്കം] | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ SRG | PTA |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | വായനാക്കൂട്ടം രൂപീകരിക്കൽ ക്ലാസ് ലൈബ്രറി സജ്ജമാക്കൽ റീഡിങ് റൂം സൗകര്യമൊരുക്കൽ ക്ലാസ് നിലവാരം അനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ പത്രവായന | ജൂൺ മാർച്ച് | അധ്യാപകർ | PTA |

# ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികാസനം
- വായന, എഴുത്ത് പരിപോഷിപ്പിക്കൽ
- ഇംഗ്ലീഷ് ഭാഷാ വിനിമയ പരിശീലനം
- ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- L.S.S സ്കോളർഷിപ്പ് പരിശീലനം
- റീഡിങ്ങ് കോർണർ
- ദൈനംദിന പത്രവായന
- വാർത്തക അസംബ്ലി
- വായന കാർഡ് നിർമാണം
- പുസ്തകാസ്വാദനം, കഥ, കവിത തയ്യാറാക്കൽ
- പ്രവൃത്തി പരിചയ പരിശീനം
- ഔഷധത്തോട്ട നിർമാണം
- ഫീൽഡ് ട്രിപ്പുകൾ
- ദിനാചരണങ്ങൾ
- ആരോഗ്യ പരിപാലനം, വ്യക്തി ശുചിത്വം
- പിന്നോക്കമായ കുട്ടികളെ മെച്ചപ്പെട്ട ബോധനരീതിയിലൂടെ മുൻനിരയിൽ എത്തിക്കുക.
- നിത്യ ജീവിതത്തിലെ ഗണിതപ്രശ്നങ്ങളെ അനായാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക.

- പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രാവബോധം സൃഷ്ടിക്കുക.
- കുട്ടി ശാസ്ത്രജ്ഞന്മാരെ വളർത്തിയെടുക്കുക.
- പ്രീ പ്രൈമറി വിദ്യാഭ്യാസം കൂടുതൽ ആകർഷകമാക്കുക.
- സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് PTA, MPTA, SMC, Noon Feeding, Bus കമ്മിറ്റികളുടെ പങ്കാളിത്തം ഉറപ്പിക്കൽ.
- പ്രതിമാസ ക്ലാസ്സ് P.T.A
- പോഷക സമൃദ്ധമായ ഉച്ചഭക്ഷണം
- പഞ്ചായത്തിന്റെ സഹകരണത്തോടെ പ്രഭാതഭക്ഷണം.

# മേഖല - ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>2. ആഴ്ചയിൽ ഒരുദിവസം ഇംഗ്ലീഷ് അസംബ്ലി ഓരോ ക്ലാസും മാറിമാറി<br>3. ഇംഗ്ലീഷ് കഥ, കവിത ഇംഗ്ലീഷിൽ ചോദ്യങ്ങൾ തയ്യാറാക്കൽ, വായനക്കാർഡ് പേപ്പർ വായന, ഇംഗ്ലീഷ് സ്കിറ്റ്.<br>* ഇംഗ്ലീഷ് ഭാഷ കേൾക്കാൻ അവസരം<br>* കഥ, കവിത, വിവരണം<br>* ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് മാത്രം സംസാരിക്കാൻ പ്രോത്സാഹിപ്പിക്കൽ. | ജൂൺ മാർച്ച്<br>ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | PTA |

# മേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം ലളിതവും രസകരവും ആക്കുക. ഐസിടി സാധ്യതകൾ ഉപയോഗിച്ച് ഗണിതപഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | ഗണിതത്തോട് ഇഷ്ടം ചേരാൻ മുത്തുകൾ ചിത്രകാർഡുകൾ, ഡൈസ് സങ്കലന വ്യവകലന കാർഡുകൾ ഗെയിം ബോർഡുകൾ സ്ഥാനവില പോക്കറ്റ് നിർമ്മാണം, സംഖ്യാമാല Puzzle നിർമ്മാണം, ജ്യാമിതിയ രൂപം നിർമ്മിക്കൽ, ഉല്ലാസ ഗണിതം, ഗണിതവിജയം എന്നിവ പ്രയോജനപ്പെടുത്തുന്നു. | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | PTA |

# മേഖല - ശാസ്ത്രം

## പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ. | സ്കൂൾ തന്നെ പാഠപുസ്തകമാകും എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തുക. | ആഗസ്റ്റ്-ഡിസംബർ | ശാസ്ത്ര ക്ലബ്ബ് | PTA |
| സ്കൂൾ മുറ്റത്ത് ഔഷധത്തോട്ടം നട്ടുവളർത്തുന്നതിന് | ഔഷധ സസ്യങ്ങൾ നട്ടുതിരിച്ചറിയുന്നതിനായി പേര് നൽകുന്നു. | 3 മാസം | ശാസ്ത്ര ക്ലബ്ബ് Eco club | PTA |
| ജൈവ വൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തുന്നു. | ജൈവ വൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പു വരുത്തുന്നു. | 3 മാസം | Eco club | PTA |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന് | ലളിതമായ പരീക്ഷണം, സ്കൂൾ എക്സിബിഷൻ, ശാസ്ത്രമേള സജ്ജമാക്കൽ. | വർഷത്തിൽ 2 തവണ | ശാസ്ത്ര ക്ലബ്ബ് | PTA |
| കുട്ടി ശാസ്ത്രജ്ഞൻമാരെ സൃഷ്ടിക്കുക. | ശാസ്ത്രപുസ്തകങ്ങൾ വായിക്കാൻ അവസരമൊരുക്കുക. ശാസ്ത്ര വീഡിയോ പ്രദർശനം<br>• ആഴ്ചയിലൊരിക്കൽ ശാസ്ത്രജ്ഞൻമാരെയും അവരുടെ കണ്ടുപിടിത്തങ്ങളും പരിചയപ്പെടുത്തൽ.<br>• സ്വന്തമായി കണ്ടുപിടിത്തങ്ങൾ നടത്തുവാൻ, പരീക്ഷണങ്ങൾ രൂപകല്പന ചെയ്യാൻ അവസരമൊരുക്കുക. | ജൂൺ-മാർച്ച് | ശാസ്ത്ര ക്ലബ്ബ് | PTA |

# ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ (ശനിയാഴ്ചകളിൽ ക്ലാസ് സമയത്തിന് ശേഷം) | ജൂൺ-മാർച്ച് | SRG | PTA |

# സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് LSS പരീക്ഷയിൽ സ്കോളർഷിപ്പ് ലഭ്യമാക്കൽ | എൽ.എസ്.എസ്. പരീക്ഷയ്ക്ക് ചിട്ടയായ പരിശീലനം നൽകുന്നു. | ജൂൺ-മാർച്ച് | അധ്യാപകർ | |

# മേഖല - കായിക പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ കായികക്ഷമത വർദ്ധിപ്പിക്കുക. | കായിക മേഖലയിൽ പ്രാവീണ്യം നേടിയവരുടെ നേതൃത്വത്തിൽ കായിക പരിശീലനം നൽകുന്നു | ജൂൺ-മാർച്ച് | ഹെൽത്ത് ക്ലബ്ബ് | PTA |
| കുട്ടികളിൽ ശാരീരിക മാനസിക ഉല്ലാസം | · സുംബ പരിശീലനം<br>· Chess പരിശീലനം | ജൂൺ-മാർച്ച് | ഹെൽത്ത് ക്ലബ്ബ് | PTA |
| കുട്ടികളിൽ അച്ചടക്കം വളർത്തൽ | മാർച്ച് പാസ്റ്റ് പരിശീലനം | ജൂൺ-മാർച്ച് | ഹെൽത്ത് ക്ലബ്ബ് | PTA |

# മേഖല - CPTA

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ പോരായ്മകൾ തിരിച്ചറിഞ്ഞ് മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പ് വരുത്തുന്നു | CPTA കാര്യക്ഷമമായി നടത്തൽ കുട്ടികളുടെ പഠന നേട്ടങ്ങൾ, പഠന തെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

# മേഖല - പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തിപരിചയ പരിശീലനം | താത്പര്യമുള്ള കുട്ടികൾക്ക് പ്രവർത്തിപരിചയത്തിൽ പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കാൻ പ്രവർത്തി പരിചയത്തിൽ പ്രാവിണ്യം നേടിയവരുടെ സേവനം ഉപയോഗപ്പെടുത്തൽ. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | PTA |

# ഉപസംഹാരം

വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന വാർഷിക പദ്ധതിക്ക് പൂരകം ആയിട്ടാണ് വികസന പദ്ധതികൾക്ക് രൂപം നൽകിയിരിക്കുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയത്തിൽ എത്തിച്ച് അവർക്ക് ഗുണമേൻമയുള്ള വിദ്യാഭ്യാസം നൽകുക എന്നതും കോവിഡാനന്തരം കുട്ടികളിൽ ഉണ്ടായ പഠനവിടവുകൾ നികത്തുകയും പഠനത്തിൽ മുൻപൻവാർ ആകുന്നതിന് അവരെ പ്രാപ്തരാക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുക എന്നതാണ് പ്രധാന ലക്ഷ്യം. ഇതിലൂടെ മൂല്യബോധവും ഊർജ്ജസ്വലതയും ഉള്ള ഒരു ഭാവിതലമുറയെ വാർത്തെടുക്കാനാവും.

ക്ലാസുകളിൽ പഠനയാത്ര നടത്തുകയും ജൈവവൈവിധ്യോദ്യാനം, പച്ചക്കറിത്തോട്ടം എന്നിവ ഒരുക്കിക്കൊണ്ട് പ്രകൃതി സംരക്ഷണത്തിന്റെ ഉത്തമ മാതൃകകൾ കുട്ടികൾക്ക് പകർന്നു നൽകുവാൻ ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു.

കുട്ടികളിലെ ആരോഗ്യ കായിക ക്ഷമത മെച്ചപ്പെടുത്തുവാനും ഒരോ കുട്ടി-യെയും ഉത്തമ വ്യക്തിത്വം ഉള്ളവരായി തീർ-ക്കുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

ഓരോ കുട്ടിയിലും ജന്മസിദ്ധ-മായ സർഗ്ഗവാസന വളർത്തുവാൻ കലാപഠ-നത്തിന് പദ്ധതിയിൽ പ്രാമുഖ്യം നൽകിയിരി-ക്കുന്നു.

ലക്ഷ്യങ്ങളെല്ലാം പൂർത്തീകരിക്കാം എന്ന് നമുക്ക് ശഠവാനം ഉറപ്പില്ലെങ്കിലും പദ്ധതി പ്രാവർത്തികമാക്കാൻ നമുക്ക് ശതമാനം ശ്രമിക്കാം എന്ന ആത്മവിശ്വാസത്തോടെ ഈ വികസന പദ്ധതി എല്ലാവർക്കുമായി സമർപ്പി-ക്കുന്നു.